പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1567

04-12-2018-ലെ മറുപടിയ്ക്ക്

**വയനാട് പാക്കേജിന്റെ ഭാഗമായി പ്രഖ്യാപിച്ച പദ്ധതികൾ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.സി. കെ. ശശീന്ദ്രൻ** | | ശ്രീ.വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | 2016-17 സാമ്പത്തിക വർഷം മുതൽ വയനാട് പാക്കേജിന്റെ ഭാഗമായി ജില്ലയിൽ ഇതുവരെ എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കി; എത്ര രൂപയുടെ പദ്ധതികൾ നടപ്പിലാക്കിയെന്ന് സാമ്പത്തിക വർഷം തിരിച്ച് നൽകാമോ; | (എ) | 2016-17 സാമ്പത്തിക വർഷം മുതൽ വയനാട് പാക്കേജിന്റെ ഭാഗമായി ജില്ലയിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം സാമ്പത്തിക വർഷം തിരിച്ച് അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | ഈ പദ്ധതിയുടെ ഭാഗമായി പ്രഖ്യാപിച്ച എന്തെല്ലാം പദ്ധതികൾ ആരംഭിക്കാനുണ്ട്; അറിയിക്കുമോ; | (ബി) | പദ്ധതികൾ എല്ലാം ആരംഭിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത പാക്കേജിന്റെ ഇംപ്ലിമെന്റേഷൻ യൂണിറ്റിൽ ഫീൽഡ് മാനേജർ, ഫീൽഡ് അസിസ്റ്റന്റ് തസ്തികയിൽ ജോലി ചെയ്യുന്നവർക്ക് വേതനം ലഭിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അവർക്ക് വേതനം ലഭ്യമാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ? | (സി) | ഉണ്ട്.ഫണ്ട് ലഭ്യമാക്കി വേതനം നല്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**

അനുബന്ധം

| ക്രമ നം. | പദ്ധതിയുടെ പേര് | ചെലവഴിച്ച തുക ലക്ഷത്തിൽ | | | |
|---|---|---|---|---|---|
| | | 2016-17 | 2017-18 | 2018-19 | ആകെ |
| 1 | സമഗ്ര കുരുമുളക് വികസനം | 1092.61 | 868.94 | 225.00 | 2186.55 |
| 2 | സോയിൽ അമിലിയോറൻസ് | 168.66 | 102.18 | 17.24 | 288.08 |
| 3 | പദ്ധതി നടപ്പിലാക്കൽ യൂണിറ്റ് | 13.77 | 9.45 | 9.41 | 32.63 |
| 4 | പ്രാദേശിക സവിശേഷതയുള്ള വിളകളുടെ വികസനം | - | 55.29 | 41.99 | 97.28 |
| 5 | ജല വിഭവങ്ങളുടെ വികസനം | - | 215 | - | 215.00 |
| 6 | സുഗന്ധ നെല്ലിനങ്ങളുടെ പ്രോത്സാഹനം (ജീരകശാല, ഗന്ധകശാല) | - | - | 1.68 | 1.68 |
| | **ആകെ തുക (ലക്ഷത്തിൽ)** | **1275.04** | **1250.86** | **295.32** | **2821.22** |

സെക്ഷൻ ഓഫീസർ